ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.09.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ന്യൂഡൽഹിയിൽ നടക്കുന്ന സെമികോൺ ഇന്ത്യ 2025 സിഇഒ -മാരുടെ വട്ടമേശ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും.

   **Prime Minister Narendra Modi will attend the Semicon India 2025 CEO Roundtable in New Delhi today.**

2. ചരക്കുസേവന നികുതി കൗൺസിലിൻറെ അമ്പത്തിയാറാമത് യോഗം ഇന്ന് ന്യൂ ഡൽഹിയിൽ ചേരും; കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ അധ്യക്ഷത വഹിക്കും.

   **The 56th GST Council meeting will be held in New Delhi today; Union Finance Minister Nirmala Sitharaman will chair the meeting.**

3. സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോങ് മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ന്യൂഡൽഹിയിലെത്തി.

   **Singapore Prime Minister Lawrence Wong has arrived in New Delhi on a three-day visit to India.**

4. ഓണം വാരാഘോഷത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവ്വഹിക്കും.

   **Chief Minister Pinarayi Vijayan will inaugurate the state-level Onam celebrations in Thiruvananthapuram today.**

5. അഫ്ഗാനിസ്ഥാനിലെ ഭൂചലനത്തിൽ മരിച്ചവരുടെ എണ്ണം 1400 കവിഞ്ഞു; കൂടുതൽ സഹായമെത്തിച്ച് ഇന്ത്യ.

   **Death toll in Afghanistan earthquake crosses 1400; India provides more humanitarian aid.**

6. ഫിഡെ ഗ്രാൻറ് സ്വിസ് 2025 ചെസ് മത്സരങ്ങൾക്ക് ഇന്ന് ഉസ്ബെക്കിസ്ഥാനിൽ തുടക്കമാകും.
**FIDE Grand Swiss 2025 chess tournament to begin in Uzbekistan today.**

&&&&&&&&&&&&&&&&&&

## PM – CEOs ROUNDTABLE

ന്യൂഡൽഹിയിൽ നടക്കുന്ന സെമികോൺ ഇന്ത്യ 2025 സിഇഒ - മാരുടെ വട്ടമേശ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. ഇന്ത്യയുടെ അർദ്ധചാലക ആവാസ വ്യവസ്ഥ, വളർച്ച, വികസനം എന്നിവ സംബന്ധിച്ച് വ്യവസായ പ്രമുഖരുമായി ചർച്ച നടത്തുന്നതിനുള്ള വേദിയാണ് സിഇഒ റൗണ്ട് ടേബിൾ. ഇന്നലെയാണ് മൂന്ന് ദിവസത്തെ സെമികോൺ ഇന്ത്യ സമ്മേളനം പ്രധാനമന്ത്രി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തത്. ആഗോള അർദ്ധചാലക വിതരണ ശൃംഖലയിൽ ഇന്ത്യയെ ലോകത്തിൻറെ വിശ്വസ്ത പങ്കാളിയാക്കാൻ ലക്ഷ്യമിട്ടാണ് സെമികോൺ ഇന്ത്യ 2025 സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

## GST COUNCIL MEETING (INTRO)

ചരക്കുസേവന നികുതി കൗൺസിലിൻറെ 56-ാമത് യോഗം ഇന്ന് ന്യൂ ഡൽഹിയിൽ നടക്കും. കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ അധ്യക്ഷത വഹിക്കും. ജി.എസ് ടി പരിഷ്കരണം, നികുതി നിരക്ക് മാറ്റം തുടങ്ങിയവ യോഗം ചർച്ച ചെയ്തേക്കും. പാവപ്പെട്ടവർ, കർഷകർ, ഇടത്തരക്കാർ, സൂക്ഷ്മ ചെറുകിട സംരംഭകർ എന്നിവർക്ക് ആശ്വാസകരമാകുന്ന രീതിയിൽ നികുതി പരിഷ്കരിക്കേണ്ടതിൻറെ ആവശ്യകത, പ്രധാനമന്ത്രി നരേന്ദ്രമോദി, സ്വാതന്ത്ര്യദിനപ്രസംഗത്തിൽ അടിവരയിട്ടിരുന്നു. ദീപാവലിയോടെ, പുത്തൻ തലമുറ ജി എസ് ടി പരിഷ്കാരങ്ങൾ പ്രഖ്യാപിക്കപ്പെടുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.
(ഹോൾഡ് വോയ്സ്......)

&&&&&&&&&&&&&&&&&&

## PREZ - TN

രാഷ്ട്രപതി ദ്രൗപദി മുർമ്മുവിൻറെ തമിഴ്നാട് സന്ദർശനം തുടരുന്നു. തിരുവാരൂരിൽ നടക്കുന്ന തമിഴ്നാട് കേന്ദ്ര സർവകലാശാലയുടെ പത്താമത് ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ഇന്ന് മുഖ്യ അതിഥിയായി പങ്കെടുക്കും. ഇന്നലെ ചെന്നൈയിൽ സിറ്റി യൂണിയൻ ബാങ്കിൻറെ നൂറ്റി ഇരുപതാം വാർഷികാഘോഷങ്ങളെ രാഷ്ട്രപതി അഭിസംബോധന ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&

## GADKARI-SUMMIT

ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും വരും തലമുറകൾക്ക് വലിയ വെല്ലുവിളി ഉയർത്തുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. ന്യൂ ഡൽഹിയിൽ ആഗോള സുസ്ഥിരതാ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. മൂല്യബോധം, സമ്പദ്‌വ്യവസ്ഥ, പരിസ്ഥിതി എന്നിവ ഏതൊരു രാജ്യത്തിനും സുപ്രധാന ഘടകങ്ങളാണ്. 2070 ഓടെ ഇന്ത്യയെ കാർബൺ സന്തുലിത രാഷ്ട്രമാക്കുകയെന്ന ലക്ഷ്യം പ്രധാനമന്ത്രി നരേന്ദ്രമോദി വിഭാവനം ചെയ്തിട്ടുണ്ടെന്നും ശ്രീ. ഗഡ്കരി പറഞ്ഞു.

&&&&&&&&&&&&&&&&&&

## SINGAPORE PM-INDIA VISIT (INTRO)

സിംഗപ്പൂർ പ്രധാനമന്ത്രി ലോറൻസ് വോങ് മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ന്യൂഡൽഹിയിലെത്തി. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ളവരുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. വിശദാംശങ്ങളിലേക്ക്.... (വോയ്സ്)

## SINGAPORE PM-INDIA VISIT (VOICE)

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ക്ഷണപ്രകാരമാണ് സിംഗപ്പൂർ പ്രധാനമന്ത്രി ഇന്ത്യയിലെത്തിയത്. ഇരുനേതാക്കളും നാളെ ഉഭയകക്ഷി ചർച്ച നടത്തും. കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനുമായി സിംഗപ്പൂർ പ്രധാനമന്ത്രി ഇന്നലെ ചർച്ച

നടത്തിയിരുന്നു. വ്യാപാരം, നിക്ഷേപം, ഫിൻടെക്, നൈപുണ്യ വികസനം, കണക്റ്റിവിറ്റി തുടങ്ങിയ മേഖലകളിലെ സഹകരണം ആഴത്തിലാക്കാൻ യോഗത്തിൽ ധാരണയായി. ഇന്ത്യ-സിംഗപ്പൂർ നയതന്ത്ര ബന്ധത്തിന്റെ 60-ാാം വാർഷികവേളയിലാണ് ലൗറെൻസ് വോങിന്റെ സന്ദർശനം. ഇന്ത്യയുടെ.ആക്ട് ഈസ്റ്റ് നയത്തിൽ സിംഗപ്പൂർ സുപ്രധാന പങ്കാളിയാണെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവിച്ചു. കഴിഞ്ഞ വർഷം സെപ്റ്റംബറിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സിംഗപ്പൂർ സന്ദർശന വേളയിൽ ഉഭയകക്ഷി ബന്ധത്തെ, സമഗ്ര തന്ത്രപരമായ പങ്കാളിത്തത്തിലേക്ക് ഉയർത്തിയിരുന്നു.

**ന്യൂസ് ഡെസ്ക്, ആകാശവാണി...**

&&&&&&&&&&&&&&&&&&

## GOYAL - BHARATI

ഇന്ത്യയുടെ കാർഷിക- ഭക്ഷ്യ കയറ്റുമതിക്ക് കുതിപ്പേകാൻ ലക്ഷ്യമിട്ട് പുതിയ സംരംഭവുമായി കാർഷിക-ഭക്ഷ്യോത്പന്ന കയറ്റുമതി വികസന അതോറിറ്റി, APEDA. കേന്ദ്രമന്ത്രിമാരായ പിയൂഷ് ഗോയൽ, ചിരാഗ് പാസ്വാൻ, യു.എ.ഇ വിദേശവ്യാപാരമന്ത്രി താനി ബിൻ അഹമ്മദ് അൽ സെയൗദി എന്നിവർ ഇതുമായി ബന്ധപ്പെട്ട് ന്യൂ ഡൽഹിയിൽ ചേർന്ന യോഗത്തിൽ പങ്കെടുത്തു. 'ഭാരതി' എന്ന് പേരിട്ടിരിക്കുന്ന സംരംഭത്തിന് കീഴിൽ, നൂറ് കാർഷിക സ്റ്റാർട്ടപ്പുകൾക്ക് പിന്തുണ നൽകും. 2030 ഓടെ അൻപത് ശതകോടി ഡോളറായി കയറ്റുമതി വർധിപ്പിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

&&&&&&&&&&&&&&&&&&

## GOYAL - SUSTAINABLE GOAL

സുസ്ഥിരതാ പ്രതിബദ്ധതകൾ നിറവേറ്റുന്ന കാര്യത്തിൽ ജി-20 രാജ്യങ്ങളിൽ മുൻപന്തിയിലാണ് ഇന്ത്യയെന്ന് കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ. ഇന്നലെ ന്യൂഡൽഹിയിൽ ആഗോള സുസ്ഥിരതാ ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വിവിധ പുനരുപയോഗ ഊർജ്ജ ലക്ഷ്യങ്ങൾ,

പ്രതീക്ഷിച്ചതിന് മുൻപ് തന്നെ രാജ്യം കൈവരിച്ചുവെന്നും ശ്രീ ഗോയൽ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

## ANGANVADI CO LOCATION

പ്രൈമറി സ്കൂളുകളോട് ചേർന്ന് അംഗൻവാടികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയവും സ്കൂൾ വിദ്യാഭ്യാസ-സാക്ഷരതാ വകുപ്പും ചേർന്ന് ഇന്ന് ന്യൂഡൽഹിയിൽ പുറത്തിറക്കും. വിജ്ഞാൻ ഭവനിൽ നടക്കുന്ന പരിപാടി യിൽ കേന്ദ്രമന്ത്രി അന്നപൂർണ ദേവി, വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ തുടങ്ങിയവർ പങ്കെടുക്കും. സ്കൂളുകൾക്കുള്ളിലോ സമീപത്തോ അംഗൻവാടി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് പുറത്തിറക്കുന്നത്.

&&&&&&&&&&&&&&&&&&

## PAWAN KHERA

കോൺഗ്രസ് നേതാവ് പവൻ ഖേരയ്ക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻറെ നോട്ടീസ്. ഒന്നിലധികം മണ്ഡലങ്ങളിൽ വോട്ടർപ്പട്ടികയിൽ പേര് ചേർത്തത് വിശദീകരിക്കണമെന്നാവശ്യപ്പെട്ടാണ് നോട്ടീസ് നൽകിയിരിക്കുന്നത്. ഈ മാസം 8 ന് രാവിലെ 11 മണിക്കകം മറുപടി സമർപ്പിക്കണം.

&&&&&&&&&&&&&&&&&&

## AFGHANISTAN-EARTHQUAKE

അഫ്ഗാനിസ്ഥാനിലുണ്ടായ വിനാശകരമായ ഭൂചലനത്തിൽ മരിച്ചവരുടെ എണ്ണം 1400 കവിഞ്ഞു. ആയിരക്കണക്കിന് പേർക്ക് പരിക്കേറ്റിട്ടുണ്ട്. രാജ്യത്തിൻറെ കിഴക്കൻ മേഖലയിൽ ഞായറാഴ്ചയാണ് ഭൂകമ്പ മാപിനിയിൽ 6 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഉണ്ടായത്. നംഗർഹാർ പ്രവിശ്യയുടെ തലസ്ഥാനമായ ജലാലാബാദിൽ നിന്ന് 27 കിലോമീറ്റർ വടക്കുകിഴക്കായിരുന്നു പ്രഭവകേന്ദ്രം. ഒട്ടേറെ

പേർ അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുകയാണ്. രക്ഷാപ്രവർത്തനം തുടരുന്നു.

&&&&&&&&&&&&&&&&&&

**INDIA – AFGHANISTAN**

ഭൂകമ്പത്തിൽ കനത്ത നാശനഷ്ടമുണ്ടായ അഫ്ഗാനിസ്ഥാനിൽ സഹായമെത്തിച്ച് ഇന്ത്യ. ഇന്നലെ 21 ടൺ അവശ്യവസ്തുക്കൾ വ്യോമമാർഗം എത്തിച്ചതായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ അറിയിച്ചു. പുതപ്പുകൾ, ടെൻറ്, വെള്ളം സൂക്ഷിക്കുന്നതിനുള്ള ടാങ്കുകൾ, ജനറേറ്ററുകൾ, പാചകം ചെയ്യുന്നതിനുള്ള സാധനങ്ങൾ, സാനിറ്റൈസർ, അവശ്യ മരുന്നുകൾ, സ്ലീപ്പിങ് ബാഗുകൾ, വീൽ ചെയറുകൾ തുടങ്ങിയവയാണ് എത്തിച്ചത്. ഇന്ത്യ സ്ഥിതിഗതികൾ നിരീക്ഷിച്ച് വരുന്നതായും വരും ദിവസങ്ങളിൽ കൂടുതൽ സഹായം എത്തിക്കുമെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

**GEORGE KURIAN – KOLLAM**

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് കൊല്ലം ജില്ലയിലെത്തും. നാഗർകോവിൽ- കോട്ടയം പ്രതിദിന എക്സ്പ്രസിന് ഓച്ചിറ റയിൽവേ സ്റ്റേഷനിലും, ഏറനാട് എക്സ്പ്രസിന് ശാസ്താംകോട്ട സ്റ്റേഷനിലും അധിക സ്റ്റോപ്പ് അനുവദിച്ചതുമായി ബന്ധപ്പെട്ട പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. ഇന്ന് വൈകിട്ട് മുതലാണ് അധിക സ്റ്റോപ്പുകൾ നിലവിൽ വരുന്നത്.

&&&&&&&&&&&&&&&&&&

**ONAM STATE CELEBRATION (INTRO)**

സംസ്ഥാനത്തെ ഓണം വാരാഘോഷത്തിന് ഇന്ന് തുടക്കമാകും. ഓണാഘോഷങ്ങളുടെ സംസ്ഥാന തല ഉദ്ഘാടനം വൈകുന്നേരം 6 മണിക്ക് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട്....**
(വോയ്സ്)

&&&&&&&&&&&&&&&&&&

**ONAM – SABARIMALA**

ഓണം പൂജകൾക്കായി ശബരിമല ക്ഷേത്ര നട ഇന്നു വൈകിട്ടു അഞ്ചിനു തുറക്കും. ഇന്ന് പൂജകൾ ഒന്നും ഉണ്ടാവില്ല. മറ്റെന്നാൾ തിരുവാണ പൂജകൾ നടക്കും. ഓണക്കാല പൂജകൾ പൂർത്തിയാക്കി 7 ന് രാത്രി 9ന് നടയടക്കും.

&&&&&&&&&&&&&&&&&&

**CHESS – FIDE GRAND SWISS**

ഫിഡെ ഗ്രാൻറ് സ്വിസ് 2025 ചെസ് മത്സരങ്ങൾക്ക് ഇന്ന് ഉസ്ബെക്കിസ്ഥാനിൽ തുടക്കമാകും. ഈ മാസം 15 വരെയാണ് ടൂർണമെൻറ്. ഇന്ത്യൻ താരങ്ങളായ ആർ പ്രഗ്നാനന്ദ, ഡി ഗുകേഷ്, അർജുൻ എരിഗൈസി, വിധിത് ഗുജറാത്തി, ദിവ്യ ദേശ്മുഖ്, വൈശാലി രമേശ്ബാബു, വന്തിക അഗർവാൾ എന്നിവരും മത്സരിക്കും.

&&&&&&&&&&&&&&&&&&

**REV. US OPEN TENNIS**

യു. എസ് ഓപ്പൺ ടെന്നീസ് ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് തുടക്കമായി. വനിതാ സിംഗിൾസിൽ ജെസീക്ക പെഗുല, ബാർബറ ക്രെച്ചിക്കോവയെ പരാജയപ്പെടുത്തി. പുരുഷ സിംഗിൾസിൽ ലോക രണ്ടാം നമ്പർ താരം സ്പെയിനിൻറെ കാർലോസ് അൽക്കാരാസ്, ചെക് താരം ജിൻ ലെഹിച്ചയെ പരാജയപ്പെടുത്തി. നൊവാക് ജോക്കോവിച്ച് - ടെയ്‌ലർ ഫ്രിറ്റ്സ് മത്സരം ഇപ്പോൾ പുരോഗമിക്കുകയാണ്. ഇന്ത്യയുടെ യുകി ഭാംബ്രി- ന്യൂസീലൻഡ് താരം മൈക്കൽ വീനസ് സഖ്യം പുരുഷ ഡബിൾസ് ക്വാർട്ടർ ഫൈനലിൽ കടന്നു.

&&&&&&&&&&&&&&&&&&

**VOTERS LIST**

കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൻറെ അന്തിമ വോട്ടർപ്പട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചു. 2.83 കോടി വോട്ടർമാരാണ് പട്ടികയിലുള്ളത്.

&&&&&&&&&&&&&&&&&&

**KERALA RAIN**

കേരളത്തിൽ ഇന്ന് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ നാളെ വരെ മത്സ്യബന്ധനത്തിന് നിരോധനം ഏർപ്പടുത്തി.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&